09-04-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/04/2023.

1. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന 'കൃഷിദർശൻ'പരിപാടിയോടനുബന്ധിച്ചു B2B മീറ്റ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 27-ന് ഹരിപ്പാട് സൗഗന്ധിക ഹോട്ടലിൽ നടക്കുന്ന (ഉത്പാദക -സംരംഭക) B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കാർഷിക മൂല്യ വർധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ, കൃഷി, കൃഷി അനുബന്ധ സൂക്ഷ്മസംരംഭകർ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് ഈ മീറ്റിൽ പങ്കെടുക്കാവുന്നതാണ്. മൂല്യവർധിത ഉത്പന്നങ്ങൾ, അവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ എന്നിവ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉത്പാദകരേയും സംരംഭകരേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പരിപാടി സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും ഗൂഗിൾ ഫോം ലിങ്കിനുമായി അതത് പഞ്ചായത്തുകളിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. നെല്ല് സംഭരണ പ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും, മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും കർഷകർക്കും മില്ലുകാർക്കും പൊതുജനങ്ങൾക്കും നിർദ്ദേശിക്കാം. ഡോ. വി കെ ബേബി ഐഎഎസ് അധ്യക്ഷനായുള്ള നെല്ല് സംഭരണ സമിതിയുടെ രണ്ടാമത്തെ യോഗത്തിലാണ് തീരുമാനം. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട വിലാസം: കൃഷി (WTO സെൽ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001. നിർദ്ദേശങ്ങൾ ecrpaddyproc2023@gmail.com എന്ന ഇ-മെയിലിലേക്കും അയയ്ക്കാവുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 17 (17.04.2023) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **0471– 2517169** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ അരുൺ ഇനത്തിൽപ്പെട്ട ചീര, ഇന്ദു ഇനത്തിൽപ്പെട്ട കുമ്പളം, സൽകീർത്തി ഇനത്തിൽപ്പെട്ട വെണ്ട, പൾപ്പിൾ ലോങ്ങ് ഇനത്തിൽപ്പെട്ട വഴുതന, ലോല ഇനത്തിൽപ്പെട്ട പയർ, സൗഭാഗ്യ, അരുണിമ എന്നീ ഇനങ്ങളിലുള്ള വെള്ളരി തുടങ്ങിയ

പച്ചക്കറികളുടെ വിത്തുകൾ വിൽപനയ്ക്കായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ കേന്ദ്രത്തിൽ നേരിട്ട് എത്തുകയോ **8547891632** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ **0471 2359651, 9447625776** എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

5. .തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴി ക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471–2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

6. **തെങ്ങ്**

മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽമഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽ തന്നെ സംഭരിച്ചു നിർത്താനുള്ള നല്ലൊരു മാർഗമാണ്. ഇതിനായി തെങ്ങിൻ തോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കുക. വേനൽ മഴ ലഭ്യമായമായ സ്ഥലങ്ങളിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ തെങ്ങിൻ ചുവട്ടിൽ നിന്നുംമാറി രണ്ടു മീറ്റർ ചുറ്റളവിൽ തടത്തിൽ പച്ചിലവള ചെടികളായ കാട്ടുചണമ്പ്, പയർ, കിലുക്കി തുടങ്ങിയവയുടെ വിത്തുകൾ പാകാവുന്നതാണ്. ഒരു ഹെക്ടർ സ്ഥലത്തേക്ക് 20 മുതൽ 25 കിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗ്രാം വിത്തുകളാണ് ആവശ്യമായി വരുക. ഇവ പൂത്ത് തുടങ്ങുന്ന സമയത്ത് ഓഗസ്റ്റ്-സെപ്തംബർ മാസത്തിൽ പച്ചില വളച്ചെടികൾ ഉഴുതു ചേർക്കുകയോ പറിച്ചു തടങ്ങളിൽ ഇടുകയോ ചെയ്യാം. ഇതിൽ നിന്നും ഒരു ഹെക്ടർ സ്ഥലത്ത് 5 -8 ടൺ വരെ പച്ചിലവളം ലഭിക്കുകയും മണ്ണിന്റെ ജലസംഭരണ ശേഷി കൂട്ടുകയും ചെയ്യും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം